# കാലാതീതം കാവ്യവിസ്മയം- ലക്ഷ്മണസാന്ത്വനം



**തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ**

[അദ്ധ്യാത്മരാമായണം കിളിപ്പാട്ട്]

**mukulam malayalam,Aplus capsule by:Suresh Areekode**

**[1 score, 2 score questions]**

1. അഹം ബുദ്ധിക്ക് കാരണമാകുന്നത് ഏതെന്നാണ് എഴുത്തച്ഛൻ പറയുന്നത് ?

a) മോഹം

**b) ദേഹം**

c) ക്രോധം

2. 'ലക്ഷ്മണസാന്ത്വനം' എഴുത്തച്ഛന്റെ  രചനയാണ്. ഇത് ഏത് സാഹിത്യ വിഭാഗത്തിൽപ്പെടുന്നു ?

**a) കിളിപ്പാട്ട്**

b) കിളിവിടിത്ത്

c)വഞ്ചിപ്പാട്ട്

3. "കവികൾക്ക് ലോകമെമ്പാടും ഒരു ഭാഷയേയുള്ളൂ." - വരികളുടെ പൊരുൾ എന്ത് ?

**a) കവിതകളുടെ ഭാവതലം സാർവലൗകികമാണ്.**

b) കവിതകൾക്ക് ഭാവ തലമില്ല.

c) കവികൾക്ക് എല്ലാ ഭാഷയും അറിയും.

4. " വഹ്നിസന്തപ്ത ലോഹസ്ഥാംബുബിന്ദുനാ

സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം " - വരികളിൽ ആരുടെ അവസ്ഥയുടെ ക്ഷണികതയാണ് എഴുത്തച്ഛൻ സൂചിപ്പിക്കുന്നത് ?

a) വഹ്നിയുടെ

**b) മനുഷ്യന്റെ**

c) ലോഹത്തിന്റെ .

5. "ക്രോധം പരിത്യജിക്കേണം ബുധജനം "- ക്രോധം കൊണ്ടുള്ള അനർത്ഥം?

a) അഭിമാനം

**b) മന:സ്താപം**

c) സ്വർഗപ്രാപ്തി

6. "ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം

വേഗേന നഷ്ടമാമായുസ്സുമോർക്ക നീ " - വേഗേന നഷ്ടപ്പെടുന്നത് എന്തെന്നാണ് സൂചന?

**a) ആയുസ്സ്**

b) ഓർമ

c) ക്ഷണപ്രഭ

7. "ദൃശ്യമായുള്ളൊരു <u>രാജ്യദേഹാദി</u>യും" - അടിവരയിട്ട പദത്തിന്റെ വിഗ്രഹാർത്ഥം കുറിക്കുക?

a)രാജ്യവും ദേവും. **b)രാജ്യം ദേഹം ആദിയായവ.** c)രാജ്യത്തിന്റെ ദേഹാദി

8."വത്സാ! സൗമിത്രേ! കമാരാ! നീ കേൾക്കണം" - സുമിത്രയുടെ പുത്രൻ - ഒറ്റപ്പദമേത്?

a) സൗമിത്രൻ. **b)സൗമിത്രി** c) സൗമിനി

9. "എന്നെക്കുറിച്ചുള്ളവാത്സല്യപൂരവും
നിന്നോളമില്ലമറ്റാർക്കുമെന്നുള്ളതും" - വരികളിലെ കാവ്യപരമായ രണ്ട് സവിശേഷതകൾ ഏത്?

a) അനുപ്രയോഗം, ആദ്യാക്ഷര പ്രാസം

b) ആദ്യാക്ഷര പ്രാസം, അന്ത്യാക്ഷര പ്രാസം

**c) ദ്വിതീയാക്ഷര പ്രാസം അന്ത്യാക്ഷര പ്രാസം**

10. താഴെ പറയുന്നവയിൽ പഞ്ചഭൂതത്തിൽപ്പെടാത്തത് ഏത്?

**a) അമ്പ് ,** b)ആകാശം, c) അഗ്നി

11. "ചക്ഷുശ്രവണഗളസ്ഥമാം ദർദ്ദുരം
ഭക്ഷണത്തിന്നപേക്ഷിക്കുന്നതുപോലെ" - വരികളിൽ ആരുടെ ഭോഗതൃഷ്ണയെയാണ് സാദൃശ്യപ്പെടുത്തുന്നത് ?

a) പാമ്പിന്റെ , b) തവളയുടെ , **c) ജനങ്ങളുടെ**

12. "നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ പോലെയും
മെത്രയും ചഞ്ചലമാലയ സംഗമം" - ആലയസംഗമത്തെ എഴുത്തച്ഛൻ എന്തിനോടാണ് സാദൃശ്യപ്പെട്ടുത്തിയിരിക്കുന്നത്?

a)സ്വപ്നത്തോട്, **b)നദിയിലൂടെ ഒഴുകിയെത്തുന്ന തടിക്കഷണത്തോട്**, c)ക്ഷണപ്രഭയോട്

13."ലക്ഷ്മിയുമസ്ഥിരയല്ലോ മനുഷ്യർക്കു
നിൽക്കുമോ യൗവ്വനവും <u>പുനരധ്രുവം</u>" - അടിവരയിട്ട പദത്തിന്റെ അർത്ഥം എന്ത്?

a) ധ്രുവത്തോട് ചേർന്നത്, **b)അസ്ഥിരമായത്.** c)അഹംഭാവമുള്ളത്

14. "സ്വപ്നസമാനം കളത്രസുഖം നൃണാ
മൽപ്പമാമായുസ്സും നിരൂപിക്ക ലക്ഷ്മണ!"- വരികളിൽ എന്താണ് സ്വപ്ന സമാനമായി കൽപ്പിച്ചിരിക്കുന്നത്.?

a)ആയുസ്സ്, **b)കളത്ര സുഖം,** c) ലക്ഷ്മണ കോപം

15. "ദേഹം നിമിത്തമഹം ബുദ്ധി കൈക്കൊണ്ടു
മോഹം കലർത്തി ജന്തുക്കൾ നിരുപിക്കും" - ഇവിടെ ജന്തുക്കൾ നിരൂപിക്കുന്നതായി പറഞ്ഞിരിക്കുന്നത് എന്ത്?

**a) ഞാൻ ബ്രാഹ്മണനാണ്,** b) ഞാൻ ലക്ഷ്മണനാണ് c) ഞാൻ ശ്രീരാമനാണ്

16. "നന്നല്ലദേഹം നിമിത്തം മഹാമോഹം." എന്തുകൊണ്ട്?

**a) ദേഹം പരിണാമിയാണ്,** b)ദേഹം നശിക്കാത്തതാണ്, c)ദേഹം കരുത്തുള്ളതാണ്

17. ത്വങ്മാംസരക്താസ്ഥിവിൺമൂത്രരേതസ്സാം - ഘടകപദങ്ങളാക്കുക.?

**a) ത്വക്ക്, മാംസം, രക്തം അസ്ഥി, മലം, മൂത്രം,രേതസ്സ്**

b) ത്വക്ക്, മാംസംരക്തം ആയുസ്സ്, മലമൂത്ര, രേതസ്സ്

c) ത്വക്ക്, മാംസം,രക്താസ്ഥി, മലം,മൂത്രം, രേതസ്സ്

18. "ജന്തുക്കൾ ഭക്ഷിച്ച് കാഷ്ഠിച്ചുപോകിലാം"

"നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ പോലെയും" _ അടിവരയിട്ട പദങ്ങളുടെ അർത്ഥവ്യത്യാസം കുറിക്കുക?

**a) വിസർജ്യം, മരക്കഷണം,** b)കഷ്ടകാലം,വിസർജ്യം c) മരക്കഷണം,കഷ്ടകാലം

19. "മോഹേനലോകം ദഹിപ്പിപ്പതിന്നു നീ

മാനസതാരിൽ നിരൂപിച്ചതും തവ" - ലക്ഷ്മണൻ ലോകം ദഹിപ്പിപ്പാൻ നിരൂപിച്ചതെന്തുകൊണ്ട്

a)രാജ്യനഷ്ടം, **b)ദേഹാഭിമാനം,** c) ശ്രീരാമൻ സഹോദരനായതിനാൽ

20. "മോഹമാതാവാമവിദ്യയാകുന്നതും" - എന്ത്?

**a) ഞാൻ ദേഹമാണെന്ന ചിന്ത,** b)ഞാൻ ആത്മാവെന്ന ചിന്ത, c)ഞാൻ ലക്ഷ്മണനാണെന്ന ചിന്ത.

21. "സംസാരകാരിണിയായതവിദ്യയും

സംസാരനാശിനിയായതുവിദ്യയും" - സംസാരനാശിനിയായിട്ട് എഴുത്തച്ഛൻ ചൂണ്ടിക്കാണിക്കുന്നതെന്ത്?

a) അവിദ്യ, **b)വിദ്യ,** c) അഹങ്കാരം

22. "മോഹാർത്ഥിയാകിൽ ------------ ഏകാന്ത ചേതസ"- എന്ത് ചെയ്യണമെന്നാണ് എഴുത്തച്ഛൻ ഉദ്ബോധിപ്പിക്കുന്നത്?

**a)**ആയുധാഭ്യാസം **നേടണം, b) വിനോദങ്ങളിൽ ഏർപ്പെടണം , c)വിദ്യാഭ്യാസം നേടണം**

23. മുക്തിക്കു വിഘ്നം വരുത്തുവാൻ എത്രയും ശക്തിയുള്ളത് ഏതാണ്?

a) വിനയം, **b)ക്രോധം,** c) അഭിമാനം

24. "ക്രോധം പരിത്യജിക്കേണം ബുധജനം"-ക്രോധം കൊണ്ടുള്ള അനർത്ഥമല്ലാത്തത് ഏത്?

a) സംസാര ബന്ധനം, b) ധർമക്ഷയം, **c) കളത്ര സ്നേഹം**

25. "കാലാഹി "- എന്ന പദത്തിന്റെ അർത്ഥം താഴെ പറയുന്നവയിൽ ഏത്?

a) കലഹമുണ്ടാക്കുന്നവൻ, b) കലശത്തിൽ പിറന്നവൻ, **c) കാലമാകുന്ന പാമ്പ്**

26. ക്ഷണപ്രഭാചഞ്ചലം - വിഗ്രഹാർത്ഥം കുറിക്കുക?

a) ക്ഷണമായ പ്രഭാചഞ്ചലം, **b) ക്ഷണപ്രഭ പോലെ ചഞ്ചലം** c) ക്ഷണം പ്രഭാചഞ്ചലം

27. മോക്ഷാർത്ഥി_ വിഗ്രഹവാക്യം എഴുതുക.?

a) മോക്ഷം കൊണ്ടുള്ള അർത്ഥി, **b) മോക്ഷത്തെ അർത്ഥിക്കുന്നവൻ**, c)മോക്ഷവും അർത്ഥിയും

28. "പാന്ഥർ പെരുവഴിയമ്പലം തന്നിലെ

താന്തരായ് കൂടി വിയോഗംവരുമ്പോലെ "- താന്തരായ് എന്ന പദത്തിന്റെ അർത്ഥം?

a) വഴിയാത്രക്കാർ, **b)ക്ഷീണിതർ**, c) ശാന്തരായവർ

29. ബ്രാഹ്മണോഹം - എന്നത് പിരിച്ചെഴുതുന്നതെങ്ങനെ?

a) ബ്രാഹ്മണൻ, അഹം

**b) ബ്രാഹ്മണ: , അഹം**

c) ബ്രാഹ്മണർ, അഹം

30. സൗമിത്രേ! എന്ന സംബോധനയിലെ ഔചിത്യമെന്ത്?

a) സൗമ്യനായതുകൊണ്ട്, **b) സുമിത്രയെപ്പോലുള്ള ബഹുമാന്യയായ അമ്മയുടെ മകനായതുകൊണ്ട്**

c) ശരിയായ പേര് സൗമിത്രി എന്നായതുകൊണ്ട്.

**PREPARED BY:**
**SURESH AREEKODE,HST(Malayalam),MALAPPURAM,PH:9562521509.**

**Visit my you tube: *mukulam malayalam* for video lessons ,PDF notes and question answer discussions.**